അവശസമുദായക്കാർക്കുള്ള കാളനി.

*336 MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അവശസമുദായ ഡിപ്പാർട്ടുമെൻറുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഓരോ താലൂക്കിലും പിന്നോക്കസമുദായ കാളനികൾ സ്ഥാപിച്ചു സഹായിക്കേണ്ട കാര്യം ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഉള്ള നടപടികൾ എന്നത്തേയ്ക്ക് എടുക്കാൻ ഇടയുണ്ട് ?

HON'BLE MR. T. K. NARAYANA PILLAI : (എ) പിന്നോക്കസമുദായങ്ങൾക്ക് കാളനികൾ സ്ഥാപിക്കേണ്ട കാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്.

(ബി) തൽസംബന്ധമായ നടപടികൾ കഴിയുന്നതും വേഗത്തിൽ ആരംഭിക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം താലൂക്കിൽ അങ്ങനെയുള്ള ഒരു കാളനി സ്ഥാപിക്കുന്നതിന് ആവശ്യമായ വീടുകൾ ഗവണ്മെൻറിൽനിന്നും ഇതിനകംതന്നെ ൬,൦൦൦ രൂപാ ചെലവാക്കി പണി തുടങ്ങിയിട്ടുണ്ട്.

MR. K. S. JOSEPH : ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന സ്കീമിൽ കാളനിസെറ്റിൽമെൻറ് ക്രമീകരിക്കുന്നുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ട്.

Disabilities of the Estates staff.

*337. MR. P. CHACKO (*Thiruvalla V—General*): Will the Hon'ble Minister for Labour be pleased to state:

(*a*) what action has the Government taken on the ill-treatment meted out to the staff working in the various estates, particularly in those managed by M/s. Harrisons and Crosfield Ltd.,

(*b*) has it come to the knowledge of the Government that persons with long and satisfactory record of service are being discharged from service at short notice without proper reasons;

(*c*) have the Government come to know that certain members of the estate staff have been refused ration by the employers as a sort of punishment;

(*d*) do the Government intend making legislation for the protection of the person and services of the members of the Estate staff?

HON'BLE MR. N. KUNJURAMAN: (a) The Officers of the Labour Department contacted the management with a view to redress the grievances of the staff.

(*b*) Yes.

(*c*) The Labour Department has received a few such complaints.

LIBRARY ARCHIVES Kerala Legislative Assembly

(*d*) The matter is under consideration.

MR. K. A. MATHEW (*Thiruvalla IV—General*) : എസ്റ്റേറ്റുജോലിക്കാരുടെ വല്ല നിവേദനങ്ങളും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : ചോദ്യം ഒന്നുകൂടി ആവർത്തിക്കണം

MR. K. A. MATHEW : എസ്റ്റേറ്റിലെ മാനേജ്മെൻറിനോടുള്ള അതൃപ്തിയെ ചൂണ്ടിക്കാണിക്കുന്ന വല്ല നിവേദനവും ഗവണ്മെൻറിലേക്ക് അയച്ചിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : അങ്ങിനെയുള്ളതായിട്ട് ഞാൻ ഓർക്കുന്നില്ല.

MR. K. A. MATHEW : ഇതിനെപ്പറ്റി അവർ ഒരു ഡെപ്യൂട്ടേഷനായിവന്ന് മന്ത്രിയെ സന്ദർശിച്ചതായിട്ട് ഓർക്കുന്നില്ലെ?

HON'BLE MR. N. KUNJURAMAN : ഞാൻ ഓർക്കുന്നില്ല.

MR. K. A. MATHEW : ഞാൻ ഉൾപ്പെടെ ഒരു ഡെപ്യൂട്ടേഷൻ മന്ത്രിയെ സന്ദർശിച്ചതായിട്ട് ഓർക്കുന്നില്ലേ ?

HON'BLE MR. N. KUNJURAMAN : പല കാര്യങ്ങൾക്കുവേണ്ടിയും മെംബർ എന്നെ സന്ദർശിച്ചിട്ടുണ്ട്. (ചിരി)

പോലിസുഡിപ്പാർട്ടുമെൻറ്.

---

* 338 MR. P. K. KRISHNAN SASTRI (*Meenachil II—Puraya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ ?

(എ) പോലീസ് ഡിപ്പാർട്ടുമെൻറിൽ പുലയസമുദായത്തിൽപ്പെട്ടവർ എത്രപേർ ഉണ്ടെന്നും അവരിൽ ഹെഡ് കാൺസ്റ്റബിൾസ് എത്രയെന്നും ദയവായി പറയുമോ?

(ബി) പോലീസുഡിപ്പാർട്ടുമെൻറിൽ ക്ലാസ് പ്രമോഷൻ നടക്കുന്നതു എന്തുടിസ്ഥാനത്തിലാണെന്നു പറയുമോ ?

(സി) ഈ അടുത്തകാലത്തു പോലീസ് ഡിപ്പാർട്ടുമെൻറിലെ റിക്രൂട്ടുമെൻറിൽ അവശസമുദായത്തിൽപ്പെട്ടവർ കുറവാകുവാൻ വല്ല പ്രത്യേക കാരണങ്ങളുണ്ടോ എന്നു ദയവായി പറയുമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) നാല് പേർ അതിൽ ഹെഡ് കാൺസ്റ്റബിൾ ആയിട്ട് ആരുമില്ല.

(ബി) സീനിയാറിട്ടിമുറയ്ക്കാണ് ക്ലാസ് പ്രമോഷൻകൊടുക്കുന്നത്.

(സി) അവശസമുദായങ്ങളിൽ നിന്നും റിക്രൂട്ടുചെയ്യുന്ന ആളുകളുടെ സംഖ്യക്ക് അടുത്തകാലത്തു യാതൊരു കുറവും ഉണ്ടായിട്ടില്ല. നിർദ്ദിഷ്ടമായ കായികവും വിദ്യാഭ്യാസപരവുമായ യോഗ്യത ഉള്ള അവശ

LIBRARY ARCHIVES Kerala Legislative Assembly